(എഫ്) കണ്ണൂർ, മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പദ്ധതി നടത്തിപ്പിനുള്ള സർക്കാർ വിഹിതമായി 2008-09 വർഷത്തിൽ 150 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. 2010-11 ലെ ബജറ്റിൽ ഈ രണ്ടു പദ്ധതികൾക്കുള്ള സർക്കാർ വിഹിതമായും പ്രൊമോട്ടർമാരുടെ വിഹിതമായും 837 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ജി) മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിന്റെ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ യന്ത്രസാമഗ്രികൾക്കായുള്ള ക്വട്ടേഷൻ വിളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് കഴിഞ്ഞു. ഈ രണ്ടു പദ്ധതികളും 2011 ജനുവരി അവസാനത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ഹാന്റക്സിന്റെയും ഹാൻവീവിന്റെയും പുനരുദ്ധാരണം**

158 (6330) ശ്രീ. തേരനിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കൈത്തറി വ്യവസായ വികസനത്തിന്റെ ഭാഗമായി ഹാന്റക്സിന്റെയും ഹാൻവീവിന്റെയും പുനരുദ്ധാരണത്തിനായി നടപ്പിലാക്കിയ പാക്കേജിലൂടെ എന്തൊക്കെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയുടെ വിപണി വൈവിദ്ധ്യവൽക്കരണത്തിനായി ഈ പാക്കേജിലൂടെ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിയത് ;

(സി) ഈ പാക്കേജിന്റെ ഫലമായി 2009-2010 സാമ്പത്തിക വർഷത്തിൽ ഹാന്റെക്സ്, ഹാൻവീവ് എന്നിവയുടെ വിറ്റുവരവിൽ എന്ത് നേട്ടങ്ങൾ കൈവരിക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ കാലയളവിൽ ഈ സ്ഥാപനങ്ങളുടെ എത്ര കോടി രൂപയുടെ വായ്പകൾ മൂലധനമാക്കി മാറ്റാൻ കഴിഞ്ഞു എന്നറിയിക്കുമോ ;

(ഇ) ഈ പാക്കേജിലൂടെ ഈ സ്ഥാപനങ്ങളിലെ ഏതെല്ലാം വിഭാഗം ജീവനക്കാരെ പുനർവിന്യാസത്തിലൂടെ പഞ്ചായത്ത് വകുപ്പുകളിലേക്ക് അയച്ചു എന്ന വിശദവിവരം ലഭ്യമാക്കുമോ ;

(എഫ്) ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെ നവീകരണത്തിനായി ഈ വർഷം എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഹാന്റക്സിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി ഹാന്റക്സ് പ്രോസസ് ഹൗസ് പുനരുദ്ധരിക്കാൻ 1 കോടി രൂപയും മൂന്നു ഡിപ്പോകൾ നവീകരിക്കാൻ 25 ലക്ഷം രൂപയും വീവറി യൂണിറ്റ് നവീകരിക്കാൻ 6.05 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ഹാന്റക്സ് ഈ ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഹാൻവീവിന്റെ പുനരുദ്ധാരണത്തിനായി സംസ്ഥാന ഗവൺമെന്റ് 400 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതുപയോഗിച്ച് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

1. പത്തനംതിട്ട ഷോറും പൂർണ്ണമായും നവീകരിച്ചു.

2. തലശ്ശേരിയിൽ പുതുതായി ഷോറും തുടങ്ങുവാൻ കെട്ടിടം വാടകക്ക് എടുത്തു ഫർണിഷിംഗ് പൂർത്തീകരിച്ചു വരുന്നു.

3. ചേർത്തലയിൽ ഷോറും തുടങ്ങുവാൻ സ്ഥലം വാടകയ്ക്കെടുത്തു. ഓണം സീസണിൽ എക്സിബിഷൻ വില്പന നടത്തിയതിനു ശേഷം പൂർണ്ണ തോതിൽ ഫർണിഷിംഗ് ചെയ്യുന്നതാണ്.

4. കൊല്ലം, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിലെ ഷോറൂമുകളുടെ ഫർണിഷിംഗ് പുരോഗമിച്ചു വരുന്നു.

5. കാസർഗോഡ്, മലപ്പുറം, ആറ്റിങ്ങൽ, തിരുവനന്തപുരം എന്നീ ഷോറൂമുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

(ബി) ഹാന്റക്സിനെ ശക്തിപ്പെടുത്തുന്നതിനും പുനരുദ്ധരിക്കുന്നതിനു മായി കഴിഞ്ഞ രണ്ടു കൊല്ലങ്ങളിൽ 764.58 ലക്ഷം രൂപയും സ്പെഷ്യൽ മാർക്കറ്റിംഗ് ഇൻസെന്റീവ് ആയി കഴിഞ്ഞ കൊല്ലം 750 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ഈ തുകകൾ ഉപയോഗിച്ച് സംഘങ്ങളിൽ ഉല്പാദിപ്പിക്കുന്ന തുണികൾ സംഭരിക്കുകയും അതിന്റെ വില ഉടൻ നൽകുകയും ചെയ്തു വരുന്നു. അതിനാൽ സൊസൈറ്റികളിൽ തൊഴിലാളികൾക്ക് തടസ്സമില്ലാതെ തുടർച്ചയായി ജോലി നൽകാൻ കഴിഞ്ഞിട്ടുണ്ട്.

ഹാൻവീവിൽ പുതിയ വില്പന ശൃംഖല രൂപീകരിക്കുക എന്ന ഉദ്ദേശ്യ ത്തോടുകൂടി കർണ്ണാടക ഹാൻഡ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഡൽഹി, മുംബൈ, മൈസൂർ, മംഗലാപുരം, മർക്കര, ബാംഗ്ലൂർ, മണിപാൽ എന്നീ ഷോറൂമുകളിൽ ഹാൻവീവ് ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള കരാർ ഒപ്പുവച്ചു കഴിഞ്ഞു. വിൽപ്പന 2010 ആഗസ്റ്റ് മാസത്തിൽ ആരംഭിക്കും.

(സി) സർക്കാർ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് സംഭരിച്ച തുണി ഹാന്റക്സിന്റെ വില്പനക്ക് ആധാരമായിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷത്തെ തുണി വില്പനയുടെ കണക്ക് ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2008-2009 -1237.00 ലക്ഷം രൂപ

2009-2010 - 1281.00 ലക്ഷം രൂപ

2008-2009 സാമ്പത്തിക വർഷത്തിൽ ഹാൻവീവിന്റെ വില്പന 1032.25 ലക്ഷം രൂപയും 2009-10-ൽ ഇത് 1340.00 ലക്ഷം രൂപയും ആയിരുന്നു. അതായത് വിറ്റുവരവിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

(ഡി) ഹാന്റക്സിന്റെയും ഹാൻവീവിന്റെയും വായ്പകൾ മൂലധനമാക്കി മാറ്റിയിട്ടില്ല. വായ്പകൾ മൂലധനമാക്കി മാറ്റാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) ജീവനക്കാരെ പുനർവിന്യസിച്ചിട്ടില്ല.

(എഫ്) ഹാൻവീവിൽ ഉത്പാദന പ്രക്രിയ നവീകരിക്കുവാനും വൈവിദ്ധ്യവത്ക്കരിക്കുവാനും വേണ്ടി 200 ലക്ഷം രൂപ ചെലവിൽ തിരുവനന്തപുരം നേമത്ത് ഒരു പ്രീലൂം പ്രോസസ്സിംഗ് യൂണിറ്റ് സ്ഥാപിക്കാനുള്ള നടപടികൾ എടുത്തു വരുന്നു. ഹാന്റക്സിന്റെ പ്രോസസ്സ് ഹൗസ് പുനരുദ്ധാരണത്തിനായി 3 കോടി രൂപയുടെ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്.

## പാപ്പിനിശ്ശേരിയിലെ കോട്ടൺമിൽ

**159 (6331)** ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാപ്പിനിശ്ശേരിയിൽ പ്രവർത്തിക്കുന്ന കോട്ടൺമിൽ അടച്ചു പൂട്ടിയിട്ട് എത്ര വർഷമായി എന്ന് അറിയിക്കുമോ ;

(ബി) ഇവിടെ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്ക് എത്ര രൂപയുടെ പരിച്ചുവിടൽ ആനുകൂല്യങ്ങളാണ് ഇതുവരെ നൽകിയിട്ടുള്ളത് ;

(സി) എത്ര തൊഴിലാളികൾക്കാണ് ഇനിയും ആനുകൂല്യം നൽകാൻ ബാക്കിയുള്ളത് ;

(ഡി) ഇവരുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) എത്രയും വേഗത്തിൽ ഈ ആനുകൂല്യം നൽകാൻ സർക്കാർ നടപടി സ്വീകരിക്കാമോ ?

### ഉത്തരം

(എ) പാപ്പിനിശ്ശേരിയിലെ കോട്ടൺമിൽ 2003 നവംബർ മാസം മുതൽ അടച്ചു പൂട്ടിയിരിക്കുകയാണ്.

(ബി) ഗ്രാറ്റുവിറ്റി ഉൾപ്പെടെ 3.30 കോടി രൂപയുടെ ആനുകൂല്യങ്ങളാണ് ഇതുവരെ നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly